# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ **ചോദ്യം നം.535** 29.05.2019-ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പമന്ത്രി |

### ദേശീയ ദുരന്ത നിവാരണ ഫണ്ട്

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും എത്ര തുക ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ച തുക ഉൾപ്പെടെ ചുവടെ കാണുന്നവിധം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഓഖി, പ്രളയം എന്നിവ സംസ്ഥാനത്തെ ബാധിച്ച വേളയിൽ ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും പ്രത്യേക ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | കൂടാതെ 2245-80-800-80 other miscellaneous relief expenditure എന്ന ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം 7,44,00,000/- രൂപയും 2017-18 സാമ്പത്തിക വർഷം 5,00,00,000/- രൂപയും 2018-19 സാമ്പത്തിക വർഷം 5,00,00,000/- രൂപയും നടപ്പ് സാമ്പത്തിക വർഷം 6,00,00,000/- രൂപയും സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്.<br>2016-17 ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 31.72 കോടി രൂപയും, 2017 ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപയും 2018 ലെ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപയും പ്രത്യേക ധനസഹായമായി കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. |

| സാമ്പത്തിക വർഷം | കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ച തുക(കോടിയിൽ) | സംസ്ഥാന വിഹിതം(കോടിയിൽ) |
|---|---|---|
| 2016-17 | 145.50 | 48.50 |
| 2017-18 | 153.00 | 51.00 |
| 2018-19 | 192.60 | 21.40 |

| | | |
|---|---|---|
| (സി) | സംസ്ഥാനത്തിന്റെ എസ്.ഡി.ആർ ഫണ്ടിൽ നിന്നും ഈ കാലയളവിൽ എത്ര തുക ചെലവഴിച്ചുവെന്നും ഇനി എത്ര തുക മിച്ചമുണ്ടെന്നും വിശദീകരിക്കുമോ? | 2016-17 സാമ്പത്തിക വർഷം 152.30 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 199.52 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 1321.81 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 82.45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 2025.01 കോടി രൂപ ബാക്കിയുണ്ട്. |

**സെക്ഷൻ ഓഫീസർ**